# CUET UG 2026 Malayalam Question Paper 19 May Shift 1

NATIONAL TESTING AGENCY
Excellence in Assessment

## General Instructions

(i) This question paper contains 50 questions. All questions are compulsory.
(ii) It comprises 50 single-correct multiple-choice questions.
(iii) These questions follow the CUET (UG) examination pattern.
(iv) Each correct answer is awarded +5 marks, with -1 for an incorrect answer.
(v) The time allotted for this paper is 60 minutes.
(vi) Attempt every question; detailed solutions are provided in the companion solutions booklet.

**1.** കവി, നോവലിസ്റ്റ്, നിരൂപൻ, നാടകകൃത്ത് എന്നിങ്ങനെ ക്രമീകരിക്കുക
(A). ഓംചേരി എൻ എൻ പിള്ള
(B). സച്ചിദാനന്ദൻ
(C). എം മുകുന്ദൻ
(D). ജോസഫ് മുണ്ടശ്ശേരി
താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) (C), (B), (D), (A).

(B) (B), (C), (D), (A).

(C) (B), (A), (D), (C).

(D) (C), (B), (A), (D).

**2.** കാലഘട്ടമനുസരിച്ച് ക്രമീകരിക്കുക (പഴയത് ആദ്യം)
(A). കുഞ്ചൻ നമ്പ്യാർ
(B). എഴുത്തച്ഛൻ
(C). ചെറുശ്ശേരി
(D). ചീരാമകവി
താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) (D), (C), (B), (A)

(B) (A), (B), (D), (C)

(C) (C), (B), (D), (A)

(D) (B), (C), (D), (A)

---

**3.** താഴെകൊടുത്തിട്ടുള്ളവയിൽ നോവലുകൾ കണ്ടെത്തുക
(A). രണ്ടിടങ്ങഴി
(B). കാലം
(C). ബാലിദ്വീപ്
(D). ഒരു ദേശത്തിന്റെ കഥ
താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) (B), (C) & (D) Only

(B) (A), (B) & (D) Only

(C) (A), (C) & (D) Only

(D) (A), (B), (C) & (D)

---

**4.** പണ്ഡിതകവി, ദാർശനിക കവി ,ദേശീയകവി, ശക്തിയുടെ കവി എന്നീ വിശേഷണങ്ങൾക്ക് അർഹരായ കവികളെ ക്രമപ്പെടുത്തുക

(A). ഇടശ്ശേരി

(B). വള്ളത്തോൾ നാരായണമേനോൻ

(C). എൻ കുമാരനാശാൻ

(D). ഉള്ളൂർ എസ് പരമേശ്വരയ്യർ

താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) (C), (B), (A), (D).

(B) (A), (C), (B), (D).

(C) (D), (C), (B), (A).

(D) (D), (B), (C), (A).

**5.** കുതിരയുടെ പര്യായപദങ്ങൾ കണ്ടെത്തുക

(A). അശ്വം

(B). ഹിരണം

(C). വാജി

(D). ഹയം

താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) (B), (D) & (C) Only

(B) (A), (B) & (C) Only

(C) (A), (B) & (D) Only

(D) (A), (C) & (D) Only

**6.** 'കവിത ചാട്ടവാറാക്കിയ കവി' എന്നറിയപ്പെടുന്നത് ആര് ?

(A) വയലാർ രാമവർമ്മ

(B) കുഞ്ചൻ നമ്പ്യാർ

(C) ഇടശ്ശേരി ഗോവിന്ദൻ നായർ

(D) എൻ കുമാരനാശാൻ

---

**7.** 'കേരളശാകുന്തളം' എന്നപേരിൽ അറിയപ്പെടുന്ന കൃതി ?

(A) അഭിജ്ഞാനശാകുന്തളം

(B) മലയാളശാകുന്തളം

(C) നളചരിതം ആട്ടകഥ

(D) നൈഷധം ചമ്പു

---

**8.** താഴെക്കൊടുത്തിരിക്കുന്നവയിൽ വള്ളത്തോൾ നാരായണ മേനോന്റെ മഹാകാവ്യം ഏത് ?

(A) കൊച്ചുസീത

(B) ശിഷ്യനും മകനും

(C) ചിത്രയോഗം

(D) മാതൃവന്ദനം

---

**9.** കാലഘട്ടമനുസരിച്ച് ക്രമപ്പെടുത്തിയെഴുതുക (പഴയത് ആദ്യം )
(A). എൻ വി കൃഷ്ണവാര്യർ
(B). ഉണ്ണായി വാര്യർ
(C). ബാലചന്ദ്രൻ ചുള്ളിക്കാട്
(D). ചങ്ങമ്പുഴ കൃഷ്ണപിള്ള
താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) (B), (A), (C), (D).

(B) (A), (D), (B), (C).

(C) (B), (D), (A), (C).

(D) (C), (B), (D), (A).

**10.** കാലഘട്ടമനുസരിച്ച് ക്രമീകരിക്കുക ( പഴയത് ആദ്യം )
(A). വള്ളത്തോൾ നാരായണ മേനോൻ
(B). എഴുത്തച്ഛൻ
(C). കുഞ്ചൻ നമ്പ്യാർ
(D). അക്കിത്തം അച്യുതൻ നമ്പൂതിരി
താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) (B), (A), (C), (D).

(B) (B), (C), (A), (D).

(C) (B), (A), (D), (C).

(D) (C), (B), (D), (A).

**11.** 'പെട്ടെന്ന് ' എന്ന അർഥം വരുന്ന പദമേത്

(A) ധ്രുവം

(B) ആകസ്മികം

(C) ചാരെ

(D) വീഥി

**12.** ലിസ്റ്റ്-I ൽ തന്നിട്ടുള്ളവയെ ലിസ്റ്റ്-II മായി ചേരുംപടി ചേർക്കുക.

| **List I ലിസ്റ്റ്-I (പുസ്തകം, സിദ്ധാന്തം, സ്വഭാവഗുണങ്ങൾ, etc)** | **List II ലിസ്റ്റ്-II (ഗ്രന്ഥകർത്താവ്, ചിന്തകൻ, സിദ്ധാന്തത്തിന്റെ പേര് etc)** |
|---|---|
| A. ഉപ്പ് | I. ചങ്ങമ്പുഴ |
| B. അമാവാസി | II. ഒ എൻ വി കുറുപ്പ് |
| C. രമണൻ | III. വൈലോപ്പിള്ളി ശ്രീധരമേനോൻ |
| D. വിട | IV. ബാലചന്ദ്രൻ ചുള്ളിക്കാട് |

താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) A-II, B-III, C-I, D-IV.

(B) A-II, B-I, C-IV, D-III.

(C) A-IV, B-II, C-I, D-III.

(D) A-II, B-IV, C-I, D-III.

**13.** ലിസ്റ്റ്-I ൽ തന്നിട്ടുള്ളവയെ ലിസ്റ്റ്-II മായി ചേരുംപടി ചേർക്കുക.

| List I ലിസ്റ്റ്-I (പുസ്തകം, സിദ്ധാന്തം, സ്വഭാവഗുണങ്ങൾ, etc) | List II ലിസ്റ്റ്-II (ഗ്രന്ഥകർത്താവ്, ചിന്തകൻ, സിദ്ധാന്തത്തിന്റെ പേര് etc) |
|---|---|
| A. പാട്ടബാക്കി | I. നാടകം |
| B. സംക്രമണം | II. നോവൽ |
| C. അഗ്നിസാക്ഷി | III. ചെറുകഥ |
| D. കടൽത്തീരത്ത് | IV. കവിത |

താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) A-II, B-I, C-IV, D-III.

(B) A-III, B-II, C-I, D-IV.

(C) A-I, B-IV, C-II, D-III.

(D) A-I, B-IV, C-III, D-II.

**14.** വെയിൽസ് രാജകുമാരനിൽ നിന്ന് പട്ടും വളയും വാങ്ങിയ കവി ആര്?

(A) എൻ. കുമാരനാശാൻ

(B) വള്ളത്തോൾ നാരായണ മേനോൻ

(C) ഉള്ളൂർ എസ് പരമേശ്വരയ്യർ

(D) ജി ശങ്കരക്കുറുപ്പ്

**15.** ലിസ്റ്റ്-I ൽ തന്നിട്ടുള്ളവയെ ലിസ്റ്റ്-II മായി ചേരുംപടി ചേർക്കുക.

| **List I ലിസ്റ്റ്-I (പുസ്തകം, സിദ്ധാന്തം, സ്വഭാവഗുണങ്ങൾ, etc)** | **List II ലിസ്റ്റ്-II (ഗ്രന്ഥകർത്താവ്, ചിന്തകൻ, സിദ്ധാന്തത്തിന്റെ പേര് etc)** |
|---|---|
| A. ഡൽഹി | I. എം ടി വാസുദേവൻ നായർ |
| B. ഗുരുസാഗരം | II. ഒ വി വിജയൻ |
| C. കാലം | III. എം.മുകുന്ദൻ |
| D. മതിലുകൾ | IV. വൈക്കം മുഹമ്മദ് ബഷീർ |

താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) A- II, B- III, C- IV, D- I

(B) A- III, B- II, C- I, D- IV

(C) A- IV, B- II, C- I, D- III

(D) A- III, B- I, C- IV, D- II

**16.** ലിസ്റ്റ്-I ൽ തന്നിട്ടുള്ളവയെ ലിസ്റ്റ്-II മായി ചേരുംപടി ചേർക്കുക.

| **List I ലിസ്റ്റ്-I (പുസ്തകം, സിദ്ധാന്തം, സ്വഭാവഗുണങ്ങൾ, etc)** | **List II ലിസ്റ്റ്-II (ഗ്രന്ഥകർത്താവ്, ചിന്തകൻ, സിദ്ധാന്തത്തിന്റെ പേര് etc)** |
|---|---|
| A. കേരളപാണിനീയം | I. ലക്ഷണമൊത്ത ആദ്യനോവൽ |
| B. ഇന്ദുലേഖ | II. ചരിത്രനോവൽ |
| C. മാർത്താണ്ഡവർമ്മ | III. നിരൂപണം |
| D. ഭാരതപര്യടനം | IV. വ്യാകരണകൃതി |

താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) A- IV-, B- II, C- I, D- III

(B) A- III, B- I, C- IV, D- II

(C) A- II, B- I, C- IV, D- III

(D) A- IV, B- I, C- II, D- III

**17.** ലിസ്റ്റ്-I ൽ തന്നിട്ടുള്ളവയെ ലിസ്റ്റ്-II മായി ചേരുംപടി ചേർക്കുക.

| List I ലിസ്റ്റ്-I (പുസ്തകം, സിദ്ധാന്തം, സ്വഭാവഗുണങ്ങൾ, etc) | List II ലിസ്റ്റ്-II (ഗ്രന്ഥകർത്താവ്, ചിന്തകൻ, സിദ്ധാന്തത്തിന്റെ പേര് etc) |
|---|---|
| A. ആ മനുഷ്യൻ നീ തന്നെ | I. കെ ദാമോദരൻ |
| B. പാട്ടബാക്കി | II. സി ജെ തോമസ് |
| C. ലങ്കാലക്ഷ്മി | III. തോപ്പിൽ ഭാസി |
| D. മുടിയനായ പുത്രൻ | IV. സി എൻ ശ്രീകണ്ഠൻ നായർ |

താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) A- III, B- I, C- IV, D- II

(B) A- II, B- IV, C- I, D- III

(C) A- II, B- I, C- IV, D- III

(D) A- II, B- III, C- IV, D- I

**18.** ' ആട്' കേന്ദ്ര കഥാപാത്രമായി വരുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതി

(A) മതിലുകൾ

(B) ബാല്യകാലസഖി

(C) പ്രേമലേഖനം

(D) പാത്തുമ്മയുടെ ആട്

**19.** 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന് പാടിയ കവി ?

(A) എൻ. കുമാരനാശാൻ

(B) വൈലോപ്പിള്ളി ശ്രീധരമേനോൻ

(C) പി. കുഞ്ഞിരാമൻ നായർ

(D) ഉള്ളൂർ എസ്. പരമേശ്വരയ്യർ

**20.** 'ചെണ്ട കൊട്ടിക്കുക ' എന്ന ശൈലികൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

(A) വാഴ്ത്തുക

(B) തോല്പിക്കുക

(C) ആക്രമിക്കുക

(D) അനുനയിപ്പിക്കുക

**21.** താഴെക്കൊടുത്തിട്ടുള്ളവയിൽ 'കേരളപാണിനി ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത് ആരാണ് ?

(A) കേസരി ബാലകൃഷ്ണപിള്ള

(B) പി. സി. കുട്ടികൃഷ്ണൻ

(C) ഏ. ആർ. രാജരാജവർമ്മ

(D) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

**22.** 'ആരോഹണം' എന്ന പദത്തിന്റെ വിപരീതപദം കണ്ടെത്തുക?

(A) അതിരോഹണം

(B) അവരോഹണം

(C) രോഹണം

(D) കയറ്റം

23. 'മുറ്റത്തെ ചെപ്പിന് അടപ്പില്ല' എന്ന ഈ കടങ്കഥയുടെ ഉത്തരമെന്ത് ?

(A) ചെരുപ്പ്

(B) ആകാശം

(C) കിണർ

(D) കുളം

24. ജ്ഞാനപീഠപുരസ്കാര ജേതാക്കളെ അവർക്ക് പുരസ്കാരം ലഭിച്ച വർഷത്തെ അടിസ്ഥാനമാക്കി ക്രമീകരിക്കുക?
(A). തകഴി ശിവശങ്കരപ്പിള്ള
(B). എസ് കെ പൊറ്റെക്കാട്ട്
(C). ജി ശങ്കരകുറുപ്പ്
(D). എം ടി വാസുദേവൻ നായർ
താഴെ തന്നിട്ടുള്ളവയിൽ നിന്നും ***ശരിയായ*** ഉത്തരം തെരഞ്ഞെടുക്കുക.

(A) (A), (B), (D), (C).

(B) (A), (C), (B), (D).

(C) (B), (A), (D), (C).

(D) (C), (B), (A), (D).

**25.** 'കാച്ചിക്കുറുക്കിയ കവിത' എന്ന് വിശേഷിപ്പിക്കുന്നത് ആരുടെ കവിതകളെയാണ്?

(A) ഇടശ്ശേരിയുടെ

(B) ഇടപ്പള്ളിയുടെ

(C) വൈലോപ്പിള്ളിയുടെ

(D) ചങ്ങമ്പുഴയുടെ

**26.** ഇ. സന്തോഷ് കുമാറിന് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി ?

(A) വാക്കുകൾ

(B) ചാവുകളി

(C) അമ്യൂസ്മെന്റ്പാർക്ക്

(D) തപോമയിയുടെ അച്ഛൻ

**27.** 'കടമ്മനിട്ട' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന കവി ആര്?

(A) കടമ്മനിട്ട രാമൻപിള്ള

(B) കടമ്മനിട്ട രാമകൃഷ്ണൻ

(C) കടമ്മനിട്ട കൃഷ്ണപിള്ള

(D) കടമ്മനിട്ട രാമൻ നായർ

**28.** 'ഓലപ്പാമ്പ്' - എന്ന ശൈലികൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

(A) ചതിയിൽപ്പെടുത്തുക

(B) തമ്മിലടിപ്പിക്കുക

(C) ഭീഷണിപ്പെടുത്തുക

(D) പരിഹസിക്കുക

**29.** ' ഒരു സ്നേഹം ' എന്ന പേരിൽകൂടി അറിയപ്പെടുന്ന കുമാരനാശാന്റെ കൃതി?

(A) കരുണ

(B) ലീല

(C) വീണപൂവ്

(D) നളിനി

**30.** 'നിളയുടെ കഥാകാരൻ ' എന്നറിയപ്പെടുന്ന എഴുത്തുകാരൻ ?

(A) എം. ടി. വാസുദേവൻ നായർ

(B) എം. മുകുന്ദൻ

(C) സക്കറിയ

(D) ഒ. വി. വിജയൻ

**31.** 'അരയന്നം' എന്ന അർത്ഥം വരുന്ന പദം കണ്ടെത്തുക?

(A) ഖഗം

(B) പക്ഷി

(C) ഹംസം

(D) വിഹഗം

**32.** 'മധുരോദാരം' ശരിയായ വിഗ്രഹിച്ച രൂപം ഏതാണ്?

(A) മധുരവും ഉദാരവും

(B) മധുരമായ ഉദാരം

(C) മധുരം കൊണ്ടുള്ള ഉദാരം

(D) മധുരത്തിന്റെ ഉദാരം

**33.** താഴെക്കൊടുത്തിട്ടുള്ളവയിൽ 'പൂച്ച' യുടെ പര്യായപദങ്ങൾ കണ്ടെത്തുക?

(A) വാജി, കാകൻ

(B) ശ്വാനൻ , കാർക്കോടൻ

(C) ഋഷഭം, ഓതു

(D) മാർജാരം,ഓതു

**34.** 'കാലം ' എന്ന പദത്തിന്റെ നാനാർത്ഥപദങ്ങൾ കണ്ടെത്തുക ?

(A). അവസരം

(B). ഉപായം

(C). സമയം

(D). മരണം

താഴെ തന്നിട്ടുള്ളവയിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.

(A) (A), (B) & (D) Only

(B) (A), (C) & (D) Only

(C) (A), (B) & (C) Only

(D) (A), (B), (C) & (D)

**35.** 'ദീർഘം' എന്ന പദത്തിന്റെ വിപരീതപദം കണ്ടെത്തുക?

(A) ശിഥിലം

(B) ഹ്രസ്വം

(C) തിരശ്ചീനം

(D) ലാഘവം

**36.** ' രാവും പകലും '- ഒറ്റപദമാക്കുക?

(A) രാവിൻപകൽ

(B) രാത്രിപകൽ

(C) രാപകൽ

(D) രാത്രിയുടെ പകൽ

**37.** 'വിരുന്നുകാരൻ' എന്ന അർത്ഥത്തിലുപയോഗിക്കുന്ന പദം കണ്ടെത്തുക?

(A) അഥിതി

(B) അധിതി

(C) അദിതി

(D) അതിഥി

**38.** 'താമരക്കുളം' - ശരിയായി പിരിച്ചെഴുതിയ രൂപം ഏത്?

(A) താമര + ക്കുളം

(B) താമര + കുളം

(C) താമരാ + കുളം

(D) താ + മരക്കുളം

**39.** 'ഇല്ലത്തെ പൂച്ച' - ഈ ശൈലിയുടെ അർഥം കണ്ടെത്തുക?

(A) എവിടെയും പ്രവേശനമുള്ള ആൾ

(B) ഏവർക്കും പ്രിയമുള്ള ആൾ

(C) രസികപ്രിയൻ

(D) ഏറ്റവും വൃത്തിയുള്ള ആൾ

**40.** കുലം - കൂലം - എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം കണ്ടെത്തുക?

(A) തീരം - നദി

(B) വംശം - പാരമ്പര്യം

(C) വംശം - തീരം

(D) തീരം- കുടം

**41.**

**ഗദ്യ ഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക**

ഓണാഘോഷത്തിന്റെ യഥാർത്ഥമായ ഉത്ഭവം അസ്സീറിയയിൽ നിന്നാണെന്ന് എൻ. വി കൃഷ്ണവാര്യർ വിവരിച്ചിരിക്കുന്നു. അസ്സീറിയയുടെ തലസ്ഥാനമായിരുന്ന നിനേവയിൽ നടത്തിയ ഉത്ഖനനങ്ങളിൽ നിന്ന് അസ്സൂർ ബനിപാലിന്റെ ഏതാണ്ട് പൂർണ്ണമായ ഒരു ഗ്രന്ഥാലയം കണ്ടുകിട്ടുകയുണ്ടായി.അതിൽ നിന്ന് ലഭിച്ച വിവരങ്ങളിൽ നിന്ന് 'ബെല' ശബ്ദത്തോടുകൂടിയ പല രാജാക്കന്മാരും നിനേവയിൽ വാണിരുന്നതായി മനസ്സിലാക്കാം. ഇതിന്റെ സംസ്കൃതരൂപമാകണം 'ബലി' എന്നത്. ബലിയുടെ പുത്രനായ ബാണന്റെ രാജധാനിക്ക് ഭാരതീയസാഹിത്യത്തിൽ കാണുന്ന പേര് 'ശോണിതപുരം' എന്നാണ്. ഹരിവംശത്തിൽ കാണുന്ന വിവരങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ ശോണിതപുരം അസ്സീറിയയിലെ നിനേവയാണെന്ന് സമർഥിച്ചുകൊണ്ട് കൃഷ്ണവാര്യർ തുടരുന്നു.ബാണന്റെ പിതാവായ ബലി വാണിരുന്ന നഗരവും അതുതന്നെ. മൂവായിരത്തിലേറെ കൊല്ലം മുമ്പ് ഈ നഗരത്തിലുണ്ടായിരുന്ന ഒരു രാജാവോ ഒന്നിലേറെ രാജാക്കന്മാരോ ആണ് നമ്മുടെ മാവേലി. ആ രാജാവിന്റെ അല്ലെങ്കിൽ രാജാക്കന്മാരുടെ കാലത്ത് അസ്സീറിയയിൽ താമസിച്ചിരുന്നപ്പോൾ, നമ്മുടെ പ്രപിതാമഹർ അനുഷ്ഠിച്ചു വന്നിരുന്ന ഒരാഘോഷത്തെയാണ് ഓണത്തിലൂടെ ആണ്ടുതോറും നാം വീണ്ടും സൃഷ്ടിക്കാനും സാക്ഷാൽക്കരിക്കാനും ശ്രമിക്കുന്നത്. കൃഷ്ണവാര്യരുടെ ഈ നിഗമനം ശരിയായിരിക്കാൻ ഇടയുണ്ട്. ദ്രാവിഡരുടെ മൂലവംശങ്ങളിൽ ഒന്ന് അസ്സീറിയൻ മേഖലയിൽ നിന്ന് കുടിയേറിപ്പാർത്ത മധ്യധരണ്യാഴി വംശജരാണെന്ന് നാം കണ്ടുവല്ലോ.അവരുടെ ആചാരമെന്ന നിലയിലാകണം, വ്യത്യസ്തമതക്കാരായി തിരിഞ്ഞതിനുശേഷവും തമിഴകത്തെ ജനങ്ങൾ ഇത് ദേശീയോത്സവമായി ആഘോഷിക്കാൻ ഇടവന്നത്. മഹാബലിയോടുള്ള ആദരവിനെ ആസ്പദമാക്കിയാണ് അന്ന് നാം ഓണം ആഘോഷിച്ചിരുന്നതെങ്കിൽ, മഹാബലിയെ പുറത്താക്കിയ മഹാവിഷ്ണുവിന്റെ മഹത്വത്തെ പ്രകീർത്തിച്ചുകൊണ്ടായി വൈഷ്ണവകാലം മുതൽ ഓണാഘോഷം. ഹിന്ദുമതത്തിന്റെ ഉയർച്ചയുടെ കാലത്തു മാത്രം ഉദയം ചെയ്ത ഒരാഘോഷമാണെന്നു തോന്നുന്നു വിഷു. നരകാസുരനെ ജയിച്ച വിഷ്ണുവിന്റെ അപദാനങ്ങളെ കീർത്തിക്കുന്ന ഒന്നാണ് വിഷുവാഘോഷം. ചൈത്രമാസത്തിലാണ് വിഷു ആഘോഷിക്കപ്പെടുന്നത്.

## 'ബെല' എന്നതിന്റെ ശരിയായ സംസ്കൃതരൂപമേത്?

(A) ബലീ

(B) ബിലെ

(C) ബാലി

(D) ബലി

---

**42.**

**ഗദ്യ ഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക**

ഓണാഘോഷത്തിന്റെ യഥാർത്ഥമായ ഉത്ഭവം അസ്സീറിയയിൽ നിന്നാണെന്ന് എൻ. വി കൃഷ്ണവാര്യർ വിവരിച്ചിരിക്കുന്നു. അസ്സീറിയയുടെ തലസ്ഥാനമായിരുന്ന നിനേവയിൽ നടത്തിയ ഉത്ഖനനങ്ങളിൽ നിന്ന് അസ്സൂർ ബനിപാലിന്റെ ഏതാണ്ട് പൂർണ്ണമായ ഒരു ഗ്രന്ഥാലയം കണ്ടുകിട്ടുകയുണ്ടായി.അതിൽ നിന്ന് ലഭിച്ച വിവരങ്ങളിൽ നിന്ന് 'ബെല' ശബ്ദത്തോടുകൂടിയ പല രാജാക്കന്മാരും നിനേവയിൽ വാണിരുന്നതായി മനസ്സിലാക്കാം. ഇതിന്റെ സംസ്കൃതരൂപമാകണം 'ബലി' എന്നത്. ബലിയുടെ പുത്രനായ ബാണന്റെ രാജധാനിക്ക് ഭാരതീയസാഹിത്യത്തിൽ കാണുന്ന പേര് 'ശോണിതപുരം' എന്നാണ്. ഹരിവംശത്തിൽ കാണുന്ന വിവരങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ ശോണിതപുരം അസ്സീറിയയിലെ നിനേവയാണെന്ന് സമർഥിച്ചുകൊണ്ട് കൃഷ്ണവാര്യർ തുടരുന്നു.ബാണന്റെ പിതാവായ ബലി വാണിരുന്ന നഗരവും അതുതന്നെ. മൂവായിരത്തിലേറെ കൊല്ലം മുമ്പ് ഈ നഗരത്തിലുണ്ടായിരുന്ന ഒരു രാജാവോ ഒന്നിലേറെ രാജാക്കന്മാരോ ആണ് നമ്മുടെ മാവേലി. ആ രാജാവിന്റെ അല്ലെങ്കിൽ രാജാക്കന്മാരുടെ കാലത്ത് അസ്സീറിയയിൽ താമസിച്ചിരുന്നപ്പോൾ, നമ്മുടെ പ്രപിതാമഹർ അനുഷ്ഠിച്ചു വന്നിരുന്ന ഒരാഘോഷത്തെയാണ് ഓണത്തിലൂടെ ആണ്ടുതോറും നാം വീണ്ടും സൃഷ്ടിക്കാനും സാക്ഷാൽക്കരിക്കാനും ശ്രമിക്കുന്നത്. കൃഷ്ണവാര്യരുടെ ഈ നിഗമനം ശരിയായിരിക്കാൻ ഇടയുണ്ട്. ദ്രാവിഡരുടെ മൂലവംശങ്ങളിൽ ഒന്ന് അസ്സീറിയൻ മേഖലയിൽ നിന്ന് കുടിയേറിപ്പാർത്ത മധ്യധരണ്യാഴി വംശജരാണെന്ന് നാം കണ്ടുവല്ലോ.അവരുടെ ആചാരമെന്ന നിലയിലാകണം, വ്യത്യസ്തമതക്കാരായി തിരിഞ്ഞതിനുശേഷവും തമിഴകത്തെ ജനങ്ങൾ ഇത് ദേശീയോത്സവമായി ആഘോഷിക്കാൻ ഇടവന്നത്. മഹാബലിയോടുള്ള ആദരവിനെ ആസ്പദമാക്കിയാണ് അന്ന് നാം ഓണം ആഘോഷിച്ചിരുന്നതെങ്കിൽ, മഹാബലിയെ പുറത്താക്കിയ മഹാവിഷ്ണുവിന്റെ മഹത്വത്തെ പ്രകീർത്തിച്ചുകൊണ്ടായി വൈഷ്ണവകാലം മുതൽ ഓണാഘോഷം. ഹിന്ദുമതത്തിന്റെ ഉയർച്ചയുടെ കാലത്തു മാത്രം ഉദയം ചെയ്ത ഒരാഘോഷമാണെന്നു തോന്നുന്നു വിഷു. നരകാസുരനെ ജയിച്ച വിഷ്ണുവിന്റെ അപദാനങ്ങളെ കീർത്തിക്കുന്ന ഒന്നാണ് വിഷുവാഘോഷം. ചൈത്രമാസത്തിലാണ് വിഷു ആഘോഷിക്കപ്പെടുന്നത്.

## നിനേവയിൽ നടത്തിയ ഉൽഖനനങ്ങളിൽ നിന്നും കണ്ടെത്തിയത് എന്ത്?

(A) നാണയങ്ങൾ

(B) ലോഹങ്ങൾ

(C) പുസ്തകങ്ങൾ

(D) ചെപ്പേടുകൾ

**43.**

**ഗദ്യ ഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക**

ഓണാഘോഷത്തിന്റെ യഥാർത്ഥമായ ഉത്ഭവം അസ്സീറിയയിൽ നിന്നാണെന്ന് എൻ. വി കൃഷ്ണവാര്യർ വിവരിച്ചിരിക്കുന്നു. അസ്സീറിയയുടെ തലസ്ഥാനമായിരുന്ന നിനേവയിൽ നടത്തിയ ഉത്ഖനനങ്ങളിൽ നിന്ന് അസ്സൂർ ബനിപാലിന്റെ ഏതാണ്ട് പൂർണ്ണമായ ഒരു ഗ്രന്ഥാലയം കണ്ടുകിട്ടുകയുണ്ടായി.അതിൽ നിന്ന് ലഭിച്ച വിവരങ്ങളിൽ നിന്ന് 'ബെല' ശബ്ദത്തോടുകൂടിയ പല രാജാക്കന്മാരും നിനേവയിൽ വാണിരുന്നതായി മനസ്സിലാക്കാം. ഇതിന്റെ സംസ്കൃതരൂപമാകണം 'ബലി' എന്നത്. ബലിയുടെ പുത്രനായ ബാണന്റെ രാജധാനിക്ക് ഭാരതീയസാഹിത്യത്തിൽ കാണുന്ന പേര് 'ശോണിതപുരം' എന്നാണ്. ഹരിവംശത്തിൽ കാണുന്ന വിവരങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ ശോണിതപുരം അസ്സീറിയയിലെ നിനേവയാണെന്ന് സമർഥിച്ചുകൊണ്ട് കൃഷ്ണവാര്യർ തുടരുന്നു.ബാണന്റെ പിതാവായ ബലി വാണിരുന്ന നഗരവും അതുതന്നെ. മൂവായിരത്തിലേറെ കൊല്ലം മുമ്പ് ഈ നഗരത്തിലുണ്ടായിരുന്ന ഒരു രാജാവോ ഒന്നിലേറെ രാജാക്കന്മാരോ ആണ് നമ്മുടെ മാവേലി. ആ രാജാവിന്റെ അല്ലെങ്കിൽ രാജാക്കന്മാരുടെ കാലത്ത് അസ്സീറിയയിൽ താമസിച്ചിരുന്നപ്പോൾ, നമ്മുടെ പ്രപിതാമഹർ അനുഷ്ഠിച്ചു വന്നിരുന്ന ഒരാഘോഷത്തെയാണ് ഓണത്തിലൂടെ ആണ്ടുതോറും നാം വീണ്ടും സൃഷ്ടിക്കാനും സാക്ഷാൽക്കരിക്കാനും ശ്രമിക്കുന്നത്. കൃഷ്ണവാര്യരുടെ ഈ നിഗമനം ശരിയായിരിക്കാൻ ഇടയുണ്ട്. ദ്രാവിഡരുടെ മൂലവംശങ്ങളിൽ ഒന്ന് അസ്സീറിയൻ മേഖലയിൽ നിന്ന് കുടിയേറിപ്പാർത്ത മധ്യധരണ്യാഴി വംശജരാണെന്ന് നാം കണ്ടുവല്ലോ.അവരുടെ ആചാരമെന്ന നിലയിലാകണം, വ്യത്യസ്തമതക്കാരായി തിരിഞ്ഞതിനുശേഷവും തമിഴകത്തെ ജനങ്ങൾ ഇത് ദേശീയോത്സവമായി ആഘോഷിക്കാൻ ഇടവന്നത്. മഹാബലിയോടുള്ള ആദരവിനെ ആസ്പദമാക്കിയാണ് അന്ന് നാം ഓണം ആഘോഷിച്ചിരുന്നതെങ്കിൽ, മഹാബലിയെ പുറത്താക്കിയ മഹാവിഷ്ണുവിന്റെ മഹത്വത്തെ പ്രകീർത്തിച്ചുകൊണ്ടായി വൈഷ്ണവകാലം മുതൽ ഓണാഘോഷം. ഹിന്ദുമതത്തിന്റെ ഉയർച്ചയുടെ കാലത്തു മാത്രം ഉദയം ചെയ്ത ഒരാഘോഷമാണെന്നു തോന്നുന്നു വിഷു. നരകാസുരനെ ജയിച്ച വിഷ്ണുവിന്റെ അപദാനങ്ങളെ കീർത്തിക്കുന്ന ഒന്നാണ് വിഷുവാഘോഷം. ചൈത്രമാസത്തിലാണ് വിഷു ആഘോഷിക്കപ്പെടുന്നത്.

ബലിയുടെ പുത്രനായി ഗദ്യഭാഗത്ത് വിശേഷിപ്പിച്ചിരിക്കുന്നത്?

(A) ബാലി

(B) ബാണൻ

(C) ബാലൻ

(D) ബല

## 44.

**ഗദ്യ ഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക**

ഓണാഘോഷത്തിന്റെ യഥാർത്ഥമായ ഉത്ഭവം അസ്സീറിയയിൽ നിന്നാണെന്ന് എൻ. വി കൃഷ്ണവാര്യർ വിവരിച്ചിരിക്കുന്നു. അസ്സീറിയയുടെ തലസ്ഥാനമായിരുന്ന നിനേവയിൽ നടത്തിയ ഉത്ഖനനങ്ങളിൽ നിന്ന് അസ്സൂർ ബനിപാലിന്റെ ഏതാണ്ട് പൂർണ്ണമായ ഒരു ഗ്രന്ഥാലയം കണ്ടുകിട്ടുകയുണ്ടായി.അതിൽ നിന്ന് ലഭിച്ച വിവരങ്ങളിൽ നിന്ന് 'ബെല' ശബ്ദത്തോടുകൂടിയ പല രാജാക്കന്മാരും നിനേവയിൽ വാണിരുന്നതായി മനസ്സിലാക്കാം. ഇതിന്റെ സംസ്കൃതരൂപമാകണം 'ബലി' എന്നത്. ബലിയുടെ പുത്രനായ ബാണന്റെ രാജധാനിക്ക് ഭാരതീയസാഹിത്യത്തിൽ കാണുന്ന പേര് 'ശോണിതപുരം' എന്നാണ്. ഹരിവംശത്തിൽ കാണുന്ന വിവരങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ ശോണിതപുരം അസ്സീറിയയിലെ നിനേവയാണെന്ന് സമർത്ഥിച്ചുകൊണ്ട് കൃഷ്ണവാര്യർ തുടരുന്നു.ബാണന്റെ പിതാവായ ബലി വാണിരുന്ന നഗരവും അതുതന്നെ. മൂവായിരത്തിലേറെ കൊല്ലം മുമ്പ് ഈ നഗരത്തിലുണ്ടായിരുന്ന ഒരു രാജാവോ ഒന്നിലേറെ രാജാക്കന്മാരോ ആണ് നമ്മുടെ മാവേലി. ആ രാജാവിന്റെ അല്ലെങ്കിൽ രാജാക്കന്മാരുടെ കാലത്ത് അസ്സീറിയയിൽ താമസിച്ചിരുന്നപ്പോൾ, നമ്മുടെ പ്രപിതാമഹർ അനുഷ്ഠിച്ചു വന്നിരുന്ന ഒരാഘോഷത്തെയാണ് ഓണത്തിലൂടെ ആണ്ടുതോറും നാം വീണ്ടും സൃഷ്ടിക്കാനും സാക്ഷാൽക്കരിക്കാനും ശ്രമിക്കുന്നത്. കൃഷ്ണവാര്യരുടെ ഈ നിഗമനം ശരിയായിരിക്കാൻ ഇടയുണ്ട്. ദ്രാവിഡരുടെ മൂലവംശങ്ങളിൽ ഒന്ന് അസ്സീറിയൻ മേഖലയിൽ നിന്ന് കുടിയേറിപ്പാർത്ത മധ്യധരണ്യാഴി വംശജരാണെന്ന് നാം കണ്ടുവല്ലോ.അവരുടെ ആചാരമെന്ന നിലയിലാകണം, വ്യത്യസ്തമതക്കാരായി തിരിഞ്ഞതിനുശേഷവും തമിഴകത്തെ ജനങ്ങൾ ഇത് ദേശീയോത്സവമായി ആഘോഷിക്കാൻ ഇടവന്നത്. മഹാബലിയോടുള്ള ആദരവിനെ ആസ്പദമാക്കിയാണ് അന്ന് നാം ഓണം ആഘോഷിച്ചിരുന്നതെങ്കിൽ, മഹാബലിയെ പുറത്താക്കിയ മഹാവിഷ്ണുവിന്റെ മഹത്വത്തെ പ്രകീർത്തിച്ചുകൊണ്ടായി വൈഷ്ണവകാലം മുതൽ ഓണാഘോഷം. ഹിന്ദുമതത്തിന്റെ ഉയർച്ചയുടെ കാലത്തു മാത്രം ഉദയം ചെയ്ത ഒരാഘോഷമാണെന്നു തോന്നുന്നു വിഷു. നരകാസുരനെ ജയിച്ച വിഷ്ണുവിന്റെ അപദാനങ്ങളെ കീർത്തിക്കുന്ന ഒന്നാണ് വിഷുവാഘോഷം. ചൈത്രമാസത്തിലാണ് വിഷു ആഘോഷിക്കപ്പെടുന്നത്.

### അസ്സീറിയയുടെ തലസ്ഥാനം ഏത്?

(A) നിനേവ

(B) അസ്സീറി

(C) ഹരിപുരം

(D) രാമനാഥപുരം

---

## 45.

**ഗദ്യ ഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക**

ഓണാഘോഷത്തിന്റെ യഥാർത്ഥമായ ഉത്ഭവം അസ്സീറിയയിൽ നിന്നാണെന്ന് എൻ. വി കൃഷ്ണവാര്യർ വിവരിച്ചിരിക്കുന്നു. അസ്സീറിയയുടെ തലസ്ഥാനമായിരുന്ന നിനേവയിൽ നടത്തിയ ഉത്ഖനനങ്ങളിൽ നിന്ന് അസ്സൂർ ബനിപാലിന്റെ ഏതാണ്ട് പൂർണ്ണമായ ഒരു ഗ്രന്ഥാലയം കണ്ടുകിട്ടുകയുണ്ടായി.അതിൽ നിന്ന് ലഭിച്ച വിവരങ്ങളിൽ നിന്ന് 'ബെല' ശബ്ദത്തോടുകൂടിയ പല രാജാക്കന്മാരും നിനേവയിൽ വാണിരുന്നതായി മനസ്സിലാക്കാം. ഇതിന്റെ സംസ്കൃതരൂപമാകണം 'ബലി' എന്നത്. ബലിയുടെ പുത്രനായ ബാണന്റെ രാജധാനിക്ക് ഭാരതീയസാഹിത്യത്തിൽ കാണുന്ന പേര് 'ശോണിതപുരം' എന്നാണ്. ഹരിവംശത്തിൽ കാണുന്ന വിവരങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ ശോണിതപുരം അസ്സീറിയയിലെ നിനേവയാണെന്ന് സമർത്ഥിച്ചുകൊണ്ട് കൃഷ്ണവാര്യർ തുടരുന്നു.ബാണന്റെ പിതാവായ ബലി വാണിരുന്ന നഗരവും അതുതന്നെ. മൂവായിരത്തിലേറെ കൊല്ലം മുമ്പ് ഈ നഗരത്തിലുണ്ടായിരുന്ന ഒരു രാജാവോ ഒന്നിലേറെ രാജാക്കന്മാരോ ആണ് നമ്മുടെ മാവേലി. ആ രാജാവിന്റെ അല്ലെങ്കിൽ രാജാക്കന്മാരുടെ കാലത്ത് അസ്സീറിയയിൽ താമസിച്ചിരുന്നപ്പോൾ, നമ്മുടെ പ്രപിതാമഹർ അനുഷ്ഠിച്ചു വന്നിരുന്ന ഒരാഘോഷത്തെയാണ് ഓണത്തിലൂടെ ആണ്ടുതോറും നാം വീണ്ടും സൃഷ്ടിക്കാനും സാക്ഷാൽക്കരിക്കാനും ശ്രമിക്കുന്നത്. കൃഷ്ണവാര്യരുടെ ഈ നിഗമനം ശരിയായിരിക്കാൻ ഇടയുണ്ട്. ദ്രാവിഡരുടെ മൂലവംശങ്ങളിൽ ഒന്ന് അസ്സീറിയൻ മേഖലയിൽ നിന്ന് കുടിയേറിപ്പാർത്ത മധ്യധരണ്യാഴി വംശജരാണെന്ന് നാം കണ്ടുവല്ലോ.അവരുടെ ആചാരമെന്ന നിലയിലാകണം, വ്യത്യസ്തമതക്കാരായി തിരിഞ്ഞതിനുശേഷവും തമിഴകത്തെ ജനങ്ങൾ ഇത് ദേശീയോത്സവമായി ആഘോഷിക്കാൻ ഇടവന്നത്. മഹാബലിയോടുള്ള ആദരവിനെ ആസ്പദമാക്കിയാണ് അന്ന് നാം ഓണം ആഘോഷിച്ചിരുന്നതെങ്കിൽ, മഹാബലിയെ പുറത്താക്കിയ മഹാവിഷ്ണുവിന്റെ മഹത്വത്തെ പ്രകീർത്തിച്ചുകൊണ്ടായി വൈഷ്ണവകാലം മുതൽ ഓണാഘോഷം. ഹിന്ദുമതത്തിന്റെ ഉയർച്ചയുടെ കാലത്തു മാത്രം ഉദയം ചെയ്ത ഒരാഘോഷമാണെന്നു തോന്നുന്നു വിഷു. നരകാസുരനെ ജയിച്ച വിഷ്ണുവിന്റെ അപദാനങ്ങളെ കീർത്തിക്കുന്ന ഒന്നാണ് വിഷുവാഘോഷം. ചൈത്രമാസത്തിലാണ് വിഷു ആഘോഷിക്കപ്പെടുന്നത്.

### വിഷു ആഘോഷിക്കുന്നതിന്റെ അടിസ്ഥാനം എന്ത്?

(A) മഹാബലിയെ പുറത്താക്കിയതിന്റെ ഓർമ്മ പുതുക്കൽ

(B) മഹാവിഷ്ണുവിന്റെ പരാജയത്തിന്റെ ഓർമ്മയ്ക്ക്

(C) വിഷ്ണുവിന്റെ അപദാനങ്ങളെ പ്രകീർത്തിക്കുവാൻ

(D) നരകാസുരന്റെ വിജയാഘോഷത്തിന്റെ ഓർമ്മ പുതുക്കൽ

---

## 46.

**ഗദ്യ ഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക**

കലയിലെ സൗന്ദര്യാംശത്തെ അപ്രധാനമാക്കിക്കൊണ്ട് അതിന്റെ ധാർമ്മികമൂല്യത്തെയും പ്രബോധകത്വത്തെയും ഉയർത്തിപ്പിടിക്കാനുള്ള പ്രവണത പതിനെട്ടാം ശതകം മുതൽ ദൃശ്യമായിരുന്നു. മതത്തിന് പ്രചാരവും പ്രതിഷ്ഠയും നൽകുക, സദാചാരഭദ്രത വരുത്തുക, മനുഷ്യർക്ക് ഭൗതികമായി പ്രയോജനപ്പെടുക എന്നിവയാണ് കലയുടെ മുഖ്യലക്ഷ്യങ്ങളെന്ന് റസ്കിൻ പ്രഖ്യാപിച്ചു. കലയിലെ ഉള്ളടക്കത്തിന്റെ ധാർമ്മിക ഗൗരവത്തിന് ടോൾസ്റ്റോയ് പരമപ്രാധാന്യം കല്പിച്ചു. കവിത ജീവിതവിമർശനമാണെന്ന് ആർനോൾഡ് സിദ്ധാന്തിച്ചു. കലാ സൗന്ദര്യത്തെ വിഗണിച്ചുകൊണ്ട് സദാചാരമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനെതിരായി പത്തൊൻപതാം നൂറ്റാണ്ടിലുണ്ടായ ശക്തമായ തിരിച്ചടിയാണ് 'കല കലയ്ക്കുവേണ്ടി' എന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള ശുദ്ധകലാവാദം. കലയുടെ പ്രയോജനം, സ്വാർത്ഥചിന്തകൊണ്ട് മലിനമാകാത്ത ശുദ്ധമായ സന്തുഷ്ടിയാണെന്നുള്ള ജർമ്മൻ ദാർശനികനായ കാന്റിന്റെ ആശയത്തിൽ നിന്നാണ് പുതിയ ഈ കലാദർശനം ഉരുത്തിരിഞ്ഞത്. ഫ്രാൻസിൽ നിന്ന് പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ഇത് ഇംഗ്ലണ്ടിലേക്ക് വ്യാപിച്ചു. ഓസ്കാർ വൈൽഡ്, വാൾട്ടർ പേറ്റർ എന്നിവരായിരുന്നു ഇംഗ്ലണ്ടിൽ ഈ വീക്ഷണത്തിന്റെ മുഖ്യവക്താക്കൾ .

അമേരിക്കൻ നിരൂപകനായ എഡ്ഗർ അലൻപോ ആയിരുന്നു ശുദ്ധകലാവാദവുമായി ആദ്യം രംഗത്തുവന്നത്. ഷെല്ലിയുടെ സദാചാരവിമർശനങ്ങളിൽ നിന്നാണ് അദ്ദേഹം പ്രചോദനം ഉൾക്കൊണ്ടത്. ഭാവനകൊണ്ട് സൗന്ദര്യം ഗ്രഹിക്കുക, സൗന്ദര്യം സൃഷ്ടിക്കുക, സൗന്ദര്യം ആവിഷ്കരിക്കുക ഇവയാണ് കവിധർമ്മമെന്ന് അദ്ദേഹം നിരീക്ഷിച്ചു. സൗന്ദര്യത്തിന്റെ അനുധ്യാനമാണ് കാവ്യാനുഭൂതിയെ ഉണ്ടാക്കുന്നത്. ധർമ്മബോധനമല്ല കലാസൗന്ദര്യമാണ് കാവ്യലക്ഷണം എന്ന വാദമാണ് കല കലയ്ക്കുവേണ്ടി എന്ന സിദ്ധാന്തമായി പരിണമിച്ചത്. ഫ്രഞ്ച് കവിയായ ബോദ്ലയർ പ്രകടമായി ഈ വാദത്തെ എതിർത്തുവെങ്കിലും സ്വന്തം രചനകളിൽക്കൂടി ഈ തത്വത്തെ സമർത്ഥിക്കുകയാണ് അദ്ദേഹം ചെയ്തത് .

ശുദ്ധകലാവാദവുമായി ആദ്യം രംഗത്തുവന്നതാർ ?

(A) ഷെല്ലി

(B) എഡ്ഗർ അലൻപോ

(C) വാൾട്ടർ പേറ്റർ

(D) ഓസ്കാർ വൈൽഡ്

---

## 47.

**ഗദ്യ ഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക**

കലയിലെ സൗന്ദര്യാംശത്തെ അപ്രധാനമാക്കിക്കൊണ്ട് അതിന്റെ ധാർമ്മികമൂല്യത്തെയും പ്രബോധകത്വത്തെയും ഉയർത്തിപ്പിടിക്കാനുള്ള പ്രവണത പതിനെട്ടാം ശതകം മുതൽ ദൃശ്യമായിരുന്നു. മതത്തിന് പ്രചാരവും പ്രതിഷ്ഠയും നൽകുക, സദാചാരഭദ്രത വരുത്തുക, മനുഷ്യർക്ക് ഭൗതികമായി പ്രയോജനപ്പെടുക എന്നിവയാണ് കലയുടെ മുഖ്യലക്ഷ്യങ്ങളെന്ന് റസ്കിൻ പ്രഖ്യാപിച്ചു. കലയിലെ ഉള്ളടക്കത്തിന്റെ ധാർമ്മിക ഗൗരവത്തിന് ടോൾസ്റ്റോയ് പരമപ്രാധാന്യം കല്പിച്ചു. കവിത ജീവിതവിമർശനമാണെന്ന് ആർനോൾഡ് സിദ്ധാന്തിച്ചു. കലാ സൗന്ദര്യത്തെ വിഗണിച്ചുകൊണ്ട് സദാചാരമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനെതിരായി പത്തൊൻപതാം നൂറ്റാണ്ടിലുണ്ടായ ശക്തമായ തിരിച്ചടിയാണ് 'കല കലയ്ക്കുവേണ്ടി' എന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള ശുദ്ധകലാവാദം. കലയുടെ പ്രയോജനം, സ്വാർത്ഥചിന്തകൊണ്ട് മലിനമാകാത്ത ശുദ്ധമായ സന്തുഷ്ടിയാണെന്നുള്ള ജർമ്മൻ ദാർശനികനായ കാന്റിന്റെ ആശയത്തിൽ നിന്നാണ് പുതിയ ഈ കലാദർശനം ഉരുത്തിരിഞ്ഞത്. ഫ്രാൻസിൽ നിന്ന് പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ഇത് ഇംഗ്ലണ്ടിലേക്ക് വ്യാപിച്ചു. ഓസ്കാർ വൈൽഡ്, വാൾട്ടർ പേറ്റർ എന്നിവരായിരുന്നു ഇംഗ്ലണ്ടിൽ ഈ വീക്ഷണത്തിന്റെ മുഖ്യവക്താക്കൾ
.

അമേരിക്കൻ നിരൂപകനായ എഡ്ഗർ അലൻപോ ആയിരുന്നു ശുദ്ധകലാവാദവുമായി ആദ്യം രംഗത്തുവന്നത്. ഷെല്ലിയുടെ സദാചാരവിമർശനങ്ങളിൽ നിന്നാണ് അദ്ദേഹം പ്രചോദനം ഉൾക്കൊണ്ടത്. ഭാവനകൊണ്ട് സൗന്ദര്യം ഗ്രഹിക്കുക, സൗന്ദര്യം സൃഷ്ടിക്കുക, സൗന്ദര്യം ആവിഷ്കരിക്കുക ഇവയാണ് കവിധർമ്മമെന്ന് അദ്ദേഹം നിരീക്ഷിച്ചു. സൗന്ദര്യത്തിന്റെ അനുധ്യാനമാണ് കാവ്യാനുഭൂതിയെ ഉണ്ടാക്കുന്നത്. ധർമ്മബോധനമല്ല കലാസൗന്ദര്യമാണ് കാവ്യലക്ഷണം എന്ന വാദമാണ് കല കലയ്ക്കുവേണ്ടി എന്ന സിദ്ധാന്തമായി പരിണമിച്ചത്. ഫ്രഞ്ച് കവിയായ ബോദ്ലയർ പ്രകടമായി ഈ വാദത്തെ എതിർത്തുവെങ്കിലും സ്വന്തം രചനകളിൽക്കൂടി ഈ തത്വത്തെ സമർത്ഥിക്കുകയാണ് അദ്ദേഹം ചെയ്തത് .

താഴെപ്പറയുന്നവയിൽ കലയുടെ മുഖ്യലക്ഷ്യങ്ങളായി റസ്കിൻ പ്രഖ്യാപിച്ചിരിക്കുന്നത് ഏത?

(A) മതത്തിന് പ്രചാരം നൽകാതിരിക്കുക

(B) മനുഷ്യർക്ക് ആത്മീയമായി പ്രയോജനപ്പെടുക

(C) സദാചാരഭദ്രത വരുത്തുക

(D) മതത്തിന് പ്രതിഷ്ഠ നൽകാതിരിക്കുക

---

## 48.

**ഗദ്യ ഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക**

കലയിലെ സൗന്ദര്യാംശത്തെ അപ്രധാനമാക്കിക്കൊണ്ട് അതിന്റെ ധാർമ്മികമൂല്യത്തെയും പ്രബോധകത്വത്തെയും ഉയർത്തിപ്പിടിക്കാനുള്ള പ്രവണത പതിനെട്ടാം ശതകം മുതൽ ദൃശ്യമായിരുന്നു. മതത്തിന് പ്രചാരവും പ്രതിഷ്ഠയും നൽകുക, സദാചാരഭദ്രത വരുത്തുക, മനുഷ്യർക്ക് ഭൗതികമായി പ്രയോജനപ്പെടുക എന്നിവയാണ് കലയുടെ മുഖ്യലക്ഷ്യങ്ങളെന്ന് റസ്കിൻ പ്രഖ്യാപിച്ചു. കലയിലെ ഉള്ളടക്കത്തിന്റെ ധാർമ്മിക ഗൗരവത്തിന് ടോൾസ്റ്റോയ് പരമപ്രാധാന്യം കല്പിച്ചു. കവിത ജീവിതവിമർശനമാണെന്ന് ആർനോൾഡ് സിദ്ധാന്തിച്ചു. കലാ സൗന്ദര്യത്തെ വിഗണിച്ചുകൊണ്ട് സദാചാരമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനെതിരായി പത്തൊൻപതാം നൂറ്റാണ്ടിലുണ്ടായ ശക്തമായ തിരിച്ചടിയാണ് 'കല കലയ്ക്കുവേണ്ടി' എന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള ശുദ്ധകലാവാദം. കലയുടെ പ്രയോജനം, സ്വാർത്ഥചിന്തകൊണ്ട് മലിനമാകാത്ത ശുദ്ധമായ സന്തുഷ്ടിയാണെന്നുള്ള ജർമ്മൻ ദാർശനികനായ കാന്റിന്റെ ആശയത്തിൽ നിന്നാണ് പുതിയ ഈ കലാദർശനം ഉരുത്തിരിഞ്ഞത്. ഫ്രാൻസിൽ നിന്ന് പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ഇത് ഇംഗ്ലണ്ടിലേക്ക് വ്യാപിച്ചു. ഓസ്കാർ വൈൽഡ്, വാൾട്ടർ പേറ്റർ എന്നിവരായിരുന്നു ഇംഗ്ലണ്ടിൽ ഈ വീക്ഷണത്തിന്റെ മുഖ്യവക്താക്കൾ
.

അമേരിക്കൻ നിരൂപകനായ എഡ്ഗർ അലൻപോ ആയിരുന്നു ശുദ്ധകലാവാദവുമായി ആദ്യം രംഗത്തുവന്നത്. ഷെല്ലിയുടെ സദാചാരവിമർശനങ്ങളിൽ നിന്നാണ് അദ്ദേഹം പ്രചോദനം ഉൾക്കൊണ്ടത്. ഭാവനകൊണ്ട് സൗന്ദര്യം ഗ്രഹിക്കുക, സൗന്ദര്യം സൃഷ്ടിക്കുക, സൗന്ദര്യം ആവിഷ്കരിക്കുക ഇവയാണ് കവിധർമ്മമെന്ന് അദ്ദേഹം നിരീക്ഷിച്ചു. സൗന്ദര്യത്തിന്റെ അനുധ്യാനമാണ് കാവ്യാനുഭൂതിയെ ഉണ്ടാക്കുന്നത്. ധർമ്മബോധനമല്ല കലാസൗന്ദര്യമാണ് കാവ്യലക്ഷണം എന്ന വാദമാണ് കല കലയ്ക്കുവേണ്ടി എന്ന സിദ്ധാന്തമായി പരിണമിച്ചത്. ഫ്രഞ്ച് കവിയായ ബോദ്ലയർ പ്രകടമായി ഈ വാദത്തെ എതിർത്തുവെങ്കിലും സ്വന്തം രചനകളിൽക്കൂടി ഈ തത്വത്തെ സമർത്ഥിക്കുകയാണ് അദ്ദേഹം ചെയ്തത് .

കലയിലെ ഉള്ളടക്കത്തിലെ ധാർമ്മിക ഗൗരവത്തിന് പ്രാധാന്യം കൽപ്പിച്ചത് ആര്?

(A) ടോൾസ്റ്റോയ്

(B) റസ്കിൻ

(C) എഡ്ഗർ അലൻപോ

(D) ബോദ്ലയർ

**49.**

**ഗദ്യ ഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക**

കലയിലെ സൗന്ദര്യാംശത്തെ അപ്രധാനമാക്കിക്കൊണ്ട് അതിന്റെ ധാർമ്മികമൂല്യത്തെയും പ്രബോധകത്വത്തെയും ഉയർത്തിപ്പിടിക്കാനുള്ള പ്രവണത പതിനെട്ടാം ശതകം മുതൽ ദൃശ്യമായിരുന്നു. മതത്തിന് പ്രചാരവും പ്രതിഷ്ഠയും നൽകുക, സദാചാരഭദ്രത വരുത്തുക, മനുഷ്യർക്ക് ഭൗതികമായി പ്രയോജനപ്പെടുക എന്നിവയാണ് കലയുടെ മുഖ്യലക്ഷ്യങ്ങളെന്ന് റസ്കിൻ പ്രഖ്യാപിച്ചു. കലയിലെ ഉള്ളടക്കത്തിന്റെ ധാർമ്മിക ഗൗരവത്തിന് ടോൾസ്റ്റോയ് പരമപ്രാധാന്യം കല്പിച്ചു. കവിത ജീവിതവിമർശനമാണെന്ന് ആർനോൾഡ് സിദ്ധാന്തിച്ചു. കലാ സൗന്ദര്യത്തെ വിഗണിച്ചുകൊണ്ട് സദാചാരമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനെതിരായി പത്തൊൻപതാം നൂറ്റാണ്ടിലുണ്ടായ ശക്തമായ തിരിച്ചടിയാണ് 'കല കലയ്ക്കുവേണ്ടി' എന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള ശുദ്ധകലാവാദം. കലയുടെ പ്രയോജനം, സ്വാർത്ഥചിന്തകൊണ്ട് മലിനമാകാത്ത ശുദ്ധമായ സന്തുഷ്ടിയാണെന്നുള്ള ജർമ്മൻ ദാർശനികനായ കാന്റിന്റെ ആശയത്തിൽ നിന്നാണ് പുതിയ ഈ കലാദർശനം ഉരുത്തിരിഞ്ഞത്. ഫ്രാൻസിൽ നിന്ന് പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ഇത് ഇംഗ്ലണ്ടിലേക്ക് വ്യാപിച്ചു. ഓസ്കാർ വൈൽഡ്, വാൾട്ടർ പേറ്റർ എന്നിവരായിരുന്നു ഇംഗ്ലണ്ടിൽ ഈ വീക്ഷണത്തിന്റെ മുഖ്യവക്താക്കൾ .

അമേരിക്കൻ നിരൂപകനായ എഡ്ഗർ അലൻപോ ആയിരുന്നു ശുദ്ധകലാവാദവുമായി ആദ്യം രംഗത്തുവന്നത്. ഷെല്ലിയുടെ സദാചാരവിമർശനങ്ങളിൽ നിന്നാണ് അദ്ദേഹം പ്രചോദനം ഉൾക്കൊണ്ടത്. ഭാവനകൊണ്ട് സൗന്ദര്യം ഗ്രഹിക്കുക, സൗന്ദര്യം സൃഷ്ടിക്കുക, സൗന്ദര്യം ആവിഷ്കരിക്കുക ഇവയാണ് കവിധർമ്മമെന്ന് അദ്ദേഹം നിരീക്ഷിച്ചു. സൗന്ദര്യത്തിന്റെ അനുധ്യാനമാണ് കാവ്യാനുഭൂതിയെ ഉണ്ടാക്കുന്നത്. ധർമ്മബോധനമല്ല കലാസൗന്ദര്യമാണ് കാവ്യലക്ഷണം എന്ന വാദമാണ് കല കലയ്ക്കുവേണ്ടി എന്ന സിദ്ധാന്തമായി പരിണമിച്ചത്. ഫ്രഞ്ച് കവിയായ ബോദ്ലയർ പ്രകടമായി ഈ വാദത്തെ എതിർത്തുവെങ്കിലും സ്വന്തം രചനകളിൽക്കൂടി ഈ തത്വത്തെ സമർത്ഥിക്കുകയാണ് അദ്ദേഹം ചെയ്തത് .

ശുദ്ധകലാവാദം ഉരുത്തിരിഞ്ഞത് എപ്പോൾ?

(A) പതിനാറാം നൂറ്റാണ്ടിൽ

(B) പതിനെട്ടാം നൂറ്റാണ്ടിൽ

(C) പത്തൊമ്പതാം നൂറ്റാണ്ടിൽ

(D) ഇരുപതാം നൂറ്റാണ്ടിൽ

**50.**

**ഗദ്യ ഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക**

കലയിലെ സൗന്ദര്യാംശത്തെ അപ്രധാനമാക്കിക്കൊണ്ട് അതിന്റെ ധാർമ്മികമൂല്യത്തെയും പ്രബോധകത്വത്തെയും ഉയർത്തിപ്പിടിക്കാനുള്ള പ്രവണത പതിനെട്ടാം ശതകം മുതൽ ദൃശ്യമായിരുന്നു. മതത്തിന് പ്രചാരവും പ്രതിഷ്ഠയും നൽകുക, സദാചാരഭദ്രത വരുത്തുക, മനുഷ്യർക്ക് ഭൗതികമായി പ്രയോജനപ്പെടുക എന്നിവയാണ് കലയുടെ മുഖ്യലക്ഷ്യങ്ങളെന്ന് റസ്കിൻ പ്രഖ്യാപിച്ചു. കലയിലെ ഉള്ളടക്കത്തിന്റെ ധാർമ്മിക ഗൗരവത്തിന് ടോൾസ്റ്റോയ് പരമപ്രാധാന്യം കല്പിച്ചു. കവിത ജീവിതവിമർശനമാണെന്ന് ആർനോൾഡ് സിദ്ധാന്തിച്ചു. കലാ സൗന്ദര്യത്തെ വിഗണിച്ചുകൊണ്ട് സദാചാരമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനെതിരായി പത്തൊൻപതാം നൂറ്റാണ്ടിലുണ്ടായ ശക്തമായ തിരിച്ചടിയാണ് 'കല കലയ്ക്കുവേണ്ടി' എന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള ശുദ്ധകലാവാദം. കലയുടെ പ്രയോജനം, സ്വാർത്ഥചിന്തകൊണ്ട് മലിനമാകാത്ത ശുദ്ധമായ സന്തുഷ്ടിയാണെന്നുള്ള ജർമ്മൻ ദാർശനികനായ കാന്റിന്റെ ആശയത്തിൽ നിന്നാണ് പുതിയ ഈ കലാദർശനം ഉരുത്തിരിഞ്ഞത്. ഫ്രാൻസിൽ നിന്ന് പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ഇത് ഇംഗ്ലണ്ടിലേക്ക് വ്യാപിച്ചു. ഓസ്കാർ വൈൽഡ്, വാൾട്ടർ പേറ്റർ എന്നിവരായിരുന്നു ഇംഗ്ലണ്ടിൽ ഈ വീക്ഷണത്തിന്റെ മുഖ്യവക്താക്കൾ .

അമേരിക്കൻ നിരൂപകനായ എഡ്ഗർ അലൻപോ ആയിരുന്നു ശുദ്ധകലാവാദവുമായി ആദ്യം രംഗത്തുവന്നത്. ഷെല്ലിയുടെ സദാചാരവിമർശനങ്ങളിൽ നിന്നാണ് അദ്ദേഹം പ്രചോദനം ഉൾക്കൊണ്ടത്. ഭാവനകൊണ്ട് സൗന്ദര്യം ഗ്രഹിക്കുക, സൗന്ദര്യം സൃഷ്ടിക്കുക, സൗന്ദര്യം ആവിഷ്കരിക്കുക ഇവയാണ് കവിധർമ്മമെന്ന് അദ്ദേഹം നിരീക്ഷിച്ചു. സൗന്ദര്യത്തിന്റെ അനുധ്യാനമാണ് കാവ്യാനുഭൂതിയെ ഉണ്ടാക്കുന്നത്. ധർമ്മബോധനമല്ല കലാസൗന്ദര്യമാണ് കാവ്യലക്ഷണം എന്ന വാദമാണ് കല കലയ്ക്കുവേണ്ടി എന്ന സിദ്ധാന്തമായി പരിണമിച്ചത്. ഫ്രഞ്ച് കവിയായ ബോദ്ലയർ പ്രകടമായി ഈ വാദത്തെ എതിർത്തുവെങ്കിലും സ്വന്തം രചനകളിൽക്കൂടി ഈ തത്വത്തെ സമർത്ഥിക്കുകയാണ് അദ്ദേഹം ചെയ്തത് .

## കവിത ജീവിതവിമർശനമാണെന്ന് സിദ്ധാന്തിച്ചത് ആര്?

(A) ജർമ്മൻ ദാർശനികനായ കാന്റ്

(B) അമേർക്കൻ നിരൂപകനായ എഡ്ഗർ അലൻപോ

(C) ഫ്രഞ്ച് കവിയായ ബോദ്ലയർ

(D) സാഹിത്യവിമർശകനായ ആർനോൾഡ്